# ഐസിഎആർ: വിശദീകരണം തേടി കോടതി

കൊച്ചി ● ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചിന്റെ (ഐസിഎആർ) യുജി, പിജി പ്രവേശനപരീക്ഷകൾക്കു കേരളത്തിൽ എത്ര സെന്ററുകൾ ഉണ്ടായിരുന്നുവെന്നും എത്ര ശതമാനം പേർ പരീക്ഷയെഴുതിയെന്നും ഹൈക്കോടതി ആരാഞ്ഞു. ഓഗസ്റ്റ് 18, 19 തീയതികളിലെ പരീക്ഷ പ്രളയക്കെടുതി മൂലം പകുതിപ്പേർക്കും എഴുതാനായില്ലെന്നു ചൂണ്ടിക്കാട്ടി ചേർത്തല സ്വദേശി സി.ടി. അമലും കണ്ണൂർ സ്വദേശി കെ.സി. ആദർശുമാണു ഹർജി നൽകിയത്.

പരീക്ഷ മാറ്റിയാൽ, ഇപ്പോൾ തന്നെ വൈകിയ ക്ലാസുകൾ കൂടുതൽ വൈകുമെന്നു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ അറിയിച്ചു.